"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - **പിഎം കിസാൻ പദ്ധതി** - കരാർ അടിസ്ഥാനത്തിൽ പ്രവർത്തിച്ചു വരുന്ന ഡാറ്റ എൻട്രി ഓപ്പറേറ്റർമാരുടെ സേവന കാലാവധി ദീർഘിപ്പിച്ചു നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**കൃഷി(പിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.578/2024/AGRI തീയതി, തിരുവനന്തപുരം, 27-06-2024

പരാമർശം:-

1. 06/08/2010-ലെ സ.ഉ.(കൈ) നം.198/2010/AD .
2. 26/02/2016-ലെ സ.ഉ.(പി) നം.28/2016/ധന.
3. 28/04/2017-ലെ സ.ഉ.(പി) നം.56/2017/ധന.
4. 21/07/2018- ലെ സ.ഉ.(പി) നം.112/2018/ധന.
5. 09/07/2019- ലെ സ.ഉ.(പി) നം.81/2019/ധന.
6. 11/02/2021 - ലെ സ.ഉ.(പി) നം.29/2021/ധന.
7. സ.ഉ(സാധാ.)നം.05/2022/കൃഷി, തീയതി 03.01.2022 .
8. കൃഷി ഡയറക്ടറുടെ 15.04.2024, 09.05.2024 തീയതികളിലെ ADFW/ 2006/ 2024-PMKS നമ്പർ കത്തുകൾ .

**ഉത്തരവ്**

പരാമർശം (2) പ്രകാരം പി.എം. കിസാൻ പദ്ധതിയിൽ ജില്ലാ കൃഷി ഓഫീസുകളിൽ കരാർ അടിസ്ഥാനത്തിൽ പ്രവർത്തിച്ച് വരുന്ന 14 പി.എം. കിസാൻ പദ്ധതി ഡാറ്റാ എൻട്രി ഓപ്പറേറ്റർ മാരിൽ 7 കരാർ ജീവനക്കാരുടെ പ്രവർത്തന കാലാവധി 2 വർഷം പൂർത്തിയായിട്ടുള്ളതാണെന്നും പദ്ധതിയുടെ നടത്തിപ്പിൽ പ്രാവീണ്യം ഉള്ള ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരുടെ സേവനം അത്യന്താപേക്ഷിതമായതിനാൽ ചുവടെ ചേർക്കുന്ന പട്ടികയിൽപ്പെട്ട 7 കരാർ ജീവനക്കാരുടെ പ്രവർത്തന കാലാവധി ഒരു വർഷത്തേക്കു കൂടി നീട്ടി തുടർച്ചാനുമതി നൽകണമെന്ന് കൃഷി ഡയറക്ടർ പരാമർശം (8) പ്രകാരം ആവശ്യപ്പെട്ടിരുന്നു.

| ക്രമ നം. | പേര് | ജോലിയിൽ പ്രവേശിച്ച തീയതി | കരാർ അവസാനിക്കുന്ന തീയതി |
|---|---|---|---|
| 1 | പ്രിയകുമാരി സി. എസ് | 05.04.2022 | 21.04.2024 |
| 2 | സുധാകുമാരി എസ്.കെ | 19.04.2022 | 12.04.2024 |
| | | | |

| | | | |
|---|---|---|---|
| 3 | ബിന്ദു യു.ജി | 25.04.2022 | 12.04.2024 |
| 4 | സുനിതകുമാരി.കെ | 28.04.2022 | 21.04.2024 |
| 5 | രാഹുൽ രാജ് | 25.04.2022 | 12.04.2024 |
| 6 | മല്ലിക പി | 09.05.2022 | 27.04.2022 |
| 7 | റിജി രാജൻ | 24.03.2022 | 22.03.2024 |

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.പരിചയ സമ്പത്തുള്ള ഡേറ്റാ ഓപ്പറേറ്റർമാർ ഉണ്ടെങ്കിൽ മാത്രമേ പദ്ധതിയുടെ സുഗമമായ നടത്തിപ്പ് സാധ്യമാകുകയുള്ളൂവെന്നും, ആയതിനാൽ നിലവിൽ 2 വർഷം പൂർത്തിയാക്കപ്പെട്ട 7 ഡേറ്റ എൻടി ഓപ്പറേറ്റർമാർക്ക് തുടർച്ചാനുമതി നൽകി നിലനിർത്തണമെന്നുമാണ് കൃഷി ഡയറക്ടർ അറിയിച്ചിട്ടുള്ളത്. നിശ്ചയിക്കപ്പെട്ട യോഗ്യതയോടെ തെരെഞ്ഞെടുക്കുന്ന ഡാറ്റാ എൻടി ഓപ്പറേറ്റർമാർക്ക് പ്രത്യേക പരിചയസമ്പന്നതയുടെ ആവശ്യം ഉള്ളതായി കാണുന്നില്ല. എന്നിരുന്നാലും പി.എം. കിസാൻ പദ്ധതിയുടെ നടത്തിപ്പിന് കേന്ദ്ര ഗവൺമെന്റ് നൽകുന്ന അഡ്മിനിസ്ട്രേറ്റീവ് ഫണ്ട് നിലവിൽ ലഭ്യമായതു കൊണ്ടുതന്നെ സംസ്ഥാന സർക്കാരിനെ സംബന്ധിച്ച് സാമ്പത്തിക ബാധ്യത ഉണ്ടാവില്ലെന്ന് കൃഷി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ള സാഹചര്യത്തിൽ, **ടി പദ്ധതിയുമായി ബന്ധപ്പെട്ട കേന്ദ്ര ഗവൺമെന്റ് മാനദണ്ഡങ്ങൾ കൃത്യമായി പാലിക്കണമെന്നും, കാലാവധി ഇനി ഒരിക്കൽ കൂടി ദീർഘിപ്പിക്കില്ലെന്നും ഉള്ള വ്യവസ്ഥകളോടെ** രണ്ടു വർഷം പൂർത്തിയാക്കപ്പെട്ട മേൽ കരാർ ജീവനക്കാരുടെ സേവന കാലയളവ് ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് നൽകി ഉത്തരവാകുന്നു. ടി കാലയളവിനുള്ളിൽ തന്നെ , എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന യോഗ്യരായ പുതിയ ഉദ്യോഗാർത്ഥികൾക്ക് നിയമനം ലഭ്യമാകും വിധം തെരെഞ്ഞെടുപ്പ് നടപടി മുൻകൂറായി കർശനമായും നടത്തേണ്ടതാണ്.

(By order of the Governor)

ലതാകുമാരി.എം.ബി
അഡിഷണൽ സെക്രട്ടറി

To

ഡയറക്ടർ, കാർഷിക വികസന കർഷകക്ഷേമ വകുപ്പ്, തിരുവനന്തപുരം .
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ആഡിറ്റ് I / ആഡിറ്റ് II ) കേരള, തിരുവനന്തപുരം .
ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം .
ധനകാര്യ വകുപ്പ് ( U.O(F) 2799236/ Agri-A2/83/2024-FIN തീയതി 20/06/2024).
വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് & ന്യൂസ് മീഡിയ) .
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് (പിഎ2/38/2024-കൃഷി) .

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ